## അദ്ധ്യായം 114
# അന്നാസ്
അവതരണം മക്കയിൽ, വചനങ്ങൾ 6

---

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

**അദ്ധ്യായ പരിചയം:**

ഖുർആനിലെ അവസാനത്തെ അദ്ധ്യായമാണ് അന്നാസ്. അതിൻെറ തൊട്ടടുത്തുള്ള അൽ ഫലഖ്(113-ാം അദ്ധ്യായം) മറ്റൊരു സ്വതന്ത്ര അദ്ധ്യായമാണ്. എന്നാൽ അവതരണപശ്ചാത്തലം, പ്രതിപാദ്യവിഷയം എന്നിവ മൂഖേന അവ തമ്മിൽ താദാത്മ്യപ്പെട്ടു കിടക്കുന്നു. ഈ പ്രത്യേകത കണക്കിലെടുത്ത് മുഅവ്വദതൈനി (രണ്ട് ശരണാർഥനകൾ) എന്ന പേരിൽ അവ അറിയപ്പെടുന്നു.

ഈ രണ്ട് അദ്ധ്യായങ്ങളെയും പരിചയപ്പെടുത്താനുള്ള സംഗതികൾ ഒന്നാണ്. രണ്ടിൻെറയും പ്രതിപാദ്യവും അവതരണപശ്ചാത്തലവും ഒന്നായതിനാൽ രണ്ടിനും പൊതുവിലാണ് ഇവിടെ ആമുഖം തയാറാക്കിയിട്ടുള്ളത്.

പ്രവാചകൻ മുഹമ്മ്(സ)യുടെ മക്കാജീവിത കാലഘട്ടത്തിലാണ് ഈ അദ്ധ്യായങ്ങൾ അവതരിച്ചത്. എന്നാൽ മദീനയിലാണ് അവയുടെ അവതരണമെന്ന് അഭിപ്രായമുള്ള പണ്ഡിതന്മാരുമുണ്ട്.

ഈ അദ്ധ്യായങ്ങളുടെ പ്രതിപാദ്യങ്ങൾ മനസ്സിലാക്കാൻ അവ അവതരിച്ച സാഹചര്യങ്ങളെ പഠന വിധേയമാക്കേണ്ടതുണ്ട്. അപ്പോൾ മാത്രമേ അന്നത്തെ സാഹചര്യവുമായി ഈ അദ്ധ്യായങ്ങൾ എത്രമാത്രം ചേർന്നുനിൽക്കുന്നു എന്നു മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

പ്രവാചകൻ മുഹമ്മദ്(സ) മക്കയിൽ തൻെറ ദൗത്യപ്രചാരണം ആരംഭിച്ചു. അതോടുകൂടി മക്ക അക്ഷരാർഥത്തിൽ സടകുടഞ്ഞെഴുന്നേറ്റു. ഇതുവരെ തങ്ങൾ കേൾക്കാത്ത ഒരു ശബ്ദമോ? അതിവിടെ നടപ്പില്ല. എന്ത് വില കൊടുത്തും അതിനെ മുളയിലേ നുള്ളിക്കളയണം. അതായിരുന്നു അവിടത്തെ പ്രമാണിമാരുടെ നിലപാട്.

മറുവശത്ത് പ്രവാചകൻെറ ദൗത്യത്തിൽ ആകൃഷ്ടരായ സാധാരണക്കാർ പലരും അദ്ദേഹത്തിൻെറ കൂടെ അണിചേരാൻ തുടങ്ങി. അതോടെ പ്രമാണിമാരുടെ ഭാവവും മാറിത്തുടങ്ങി. വിശ്വാസികൾക്കു നേരെ അവർ കിരാതമായ രീതിയിലുള്ള മർദ്ദനമുറകൾ പ്രയോഗിച്ചുകൊണ്ടിരുന്നു. അന്ന് മർദ്ദനത്തിനിരയാകാത്ത ഒരു വിശ്വാസിയും മക്കയിലുണ്ടായിരുന്നില്ല.

പ്രവാചകനെ വകവരുത്താനുള്ള ശ്രമങ്ങളും അതിൻെറ ഭാഗമായി നടക്കുന്നുണ്ടായിരുന്നു. കിട്ടുന്ന സന്ദർഭങ്ങളുപയോഗിച്ചു പ്രവാചകനും അദ്ദേഹം പ്രബോധനം ചെയ്യുന്ന ആദർശത്തിനുമെതിരെ പലതരത്തിലുള്ള ആക്ഷേപങ്ങളും അവർ പ്രചരിപ്പിക്കുന്നുണ്ടായിരുന്നു. മാരണം ചെയ്തുനോക്കി. പ്രവാചകനെ ഭ്രാന്തനായും മാരണം ബാധിച്ചവനായും മുദ്രകുത്തി. ദൂരദേശങ്ങളിൽനിന്ന് മക്കയിൽ വരുന്ന കച്ചവടസംഘത്തോട് “നിങ്ങൾ മുഹമ്മദിനെ കേൾക്കരുതെ”ന്ന് ഉപദേശിച്ചു.

മക്കയിലെ ഓരോ വീട്ടിലും ഈ രീതിയിലുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളായ ആളുകൾ ധാരാളമുണ്ടായിരുന്നു. പല വിശ്വാസികളും പ്രമാണിമാരുടെ തടവറയിൽ ശാരീരികമർദ്ദനമേറ്റ് കഴിയുകയായിരുന്നു. അവരുടെ കണ്ണീരൊപ്പാൻ മക്കയിൽ ആരുമുണ്ടായിരുന്നില്ല. അവരോട് ക്ഷമിക്കാൻ പറയുക മാത്രമേ പ്രവാചകന് സാധിക്കുമായിരുന്നുള്ളൂ.

മക്കക്കാരുടെ ഈ സമീപനത്തിന് അടിസ്ഥാനപരമായി ചില കാരണങ്ങളുണ്ടായിരുന്നു:

1. പരമ്പരാഗതമായ വിശ്വാസാചാരങ്ങളാണ് ശരിയെന്ന മൂഢധാരണ.
2. ഗോത്രപരമായ പക്ഷപാതിത്തം നിലനിന്നിരുന്ന സാമൂഹിക ക്രമത്തിൻെറ വിട്ടുവീഴ്ചയില്ലാത്ത അസഹിഷ്ണുതയും അസൂയയും.
3. അസഹിഷ്ണുതയിൽനിന്നുണ്ടായ അഹങ്കാരം. ഈവക സമീപനരീതികൾ എല്ലാ കാലഘട്ടങ്ങളിലും മനുഷ്യർ സൂക്ഷിച്ചുപോന്നിട്ടുണ്ട്.

ഈ സാഹചര്യങ്ങളെ നേരിടാൻ പ്രവാചകൻ മുഹമ്മദ്(സ)ൻെറ കൈയിൽ ആയുധമൊന്നുമുണ്ടായിരുന്നില്ല. മറുവശം എല്ലാവിധ ആയുധങ്ങളും സൗകര്യങ്ങളും ഉള്ളവരായിരുന്നു. വിശ്വാസികളുടെ ആയുധം ഏകദൈവത്തിലുള്ള വിശ്വാസം മാത്രമായിരുന്നു. അതിൻെറ നിലനില്പ് മറ്റെല്ലാറ്റിനെക്കാളും വലുതായി അവർ കണ്ടു. അതിനു വേണ്ടി അവർ എല്ലാം ക്ഷമിച്ചു. ആർത്തലച്ചു വരുന്ന ശത്രുക്കളുടെ കിരാത മർദ്ദനത്തെ അവർ എതിരിട്ടത് അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം കൊണ്ടായിരുന്നു. ശത്രുവിൻെറ ആയുധത്തിന് ചുവട്ടിൽ ജീവൻ പിടഞ്ഞുതീരുമ്പോഴും മനസ്സിൽ കത്തിനിന്ന വിശ്വാസം അവർ പ്രതീക്ഷ

യോടെ നിലനിർത്തി- ജീവിക്കുന്നെങ്കിൽ അതിന് വേണ്ടി ജീവിക്കും. മരിക്കുന്നെങ്കിൽ അതിനു വേണ്ടി മരിക്കും. ആ മരണം രക്തസാക്ഷിത്വമായിരിക്കും. ഇതല്ലാത്ത ഭൗതികമായ ആയുധങ്ങളൊന്നും അവരുടെ കൈയിൽ ഉണ്ടായിരുന്നില്ല.

ഇത്തരം ഒരു സാഹചര്യത്തിൽ അല്ലാഹു പ്രവാചകനോട് പറയുന്നു: "പ്രവാചകരേ, അവരോട് പറയുക, സൃഷ്ടികളുടെ ദ്രോഹത്തിൽനിന്നും രാത്രിയുടെയും ആഭിചാരകന്മാരുടെയും അസൂയാലുക്കളുടെയും ശല്യത്തിൽനിന്നും മനസ്സിൽ ദുർബോധനം നടത്തുന്ന പിശാചിൻെറ ശല്യത്തിൽനിന്നും ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു."

പതിമൂന്നു വർഷത്തെ യാതന നിറഞ്ഞ ജീവിതത്തിനൊടുവിൽ അദ്ദേഹവും അനുയായികളും മദീനയിലേക്ക് പലായനം ചെയ്തു. അവിടെയും അവർക്ക് ഏറെ പ്രയാസങ്ങൾ നേരിടേണ്ടി വന്നു. അപ്പോഴും സമാധാനത്തിനും സ്ഥൈര്യത്തിനും വേണ്ടി ഈ അധ്യായങ്ങൾ തന്നെ പാരായണം ചെയ്യാനായിരുന്നു അല്ലാഹു ഉപദേശിച്ചത്. അതേ ഘട്ടത്തിൽ തന്നെ ചില ശത്രുക്കൾ പ്രവാചകന് മാരണം ചെയ്യുകയുണ്ടായി. അതിന് പ്രതിവിധിയായും ഈ അധ്യായങ്ങൾ പാരായണം ചെയ്യുവാനായിരുന്നു പ്രവാചകൻ കല്പിക്കപ്പെട്ടത്.

ആദർശപരമായ ജീവിതത്തിനിടയിൽ പൈശാചികമായ ദുർബോധനങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അത്തരം പ്രതിബന്ധങ്ങളിൽനിന്നും അല്ലാഹുവിൽ ശരണം തേടുകയെന്നതാണ് വിശ്വാസിയുടെ രക്ഷാമാർഗം. കാരണം, സഹായിക്കാനും ദുരിതങ്ങൾ നീക്കിത്തരുവാനും കെല്പുറ്റവൻ അല്ലാഹു മാത്രമാണ്. മറ്റുള്ളവർ എത്രയൊക്കെ ആയുധവിഭൂഷിതരായാലും അല്ലാഹുവിൻെറ നടപടിക്കു മുമ്പിൽ അവർ ഒന്നുമല്ല.

എൻെറ ജീവിതം നീ ഇഷ്ടപ്പെടുന്ന മാർഗത്തിലാക്കേണമേ എന്ന് അല്ലാഹുവിനോട് പ്രാർഥിക്കുകയും ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വിശ്വാസി തൻെറ വിശ്വാസത്തിന് പ്രതിബന്ധമുണ്ടാക്കുന്ന എല്ലാ പൈശാചികശക്തികളിൽനിന്നും ഈവിധം അല്ലാഹുവിനോട് ശരണവും സഹായവും തേടൽ അനിവാര്യമാണ്.

## അർഥം

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

ഖുൽ — قُلْ

പ്രവാചകരേ, പറയുക

അഊദു — أَعُوذُ

ഞാൻ അഭയം തേടുന്നു,

ബിറബ്ബിന്നാസ് — بِرَبِّ ٱلنَّاسِ ١

ജനങ്ങളുടെ രക്ഷിതാവിനെക്കൊണ്ട്

മലികിന്നാസ് — مَلِكِ ٱلنَّاسِ ٢

ജനങ്ങളുടെ രാജാവിനെക്കൊണ്ട്

ഇലാഹിന്നാസ് — إِلَٰهِ ٱلنَّاسِ ٣

ജനങ്ങളുടെ ആരാധ്യനെക്കൊണ്ട്,

മിൻ ശർരി — مِن شَرِّ

ദ്രോഹത്തിൽനിന്ന്.

അൽ വസ്വാസിൽ — ٱلْوَسْوَاسِ

ദുർബോധകനിൽനിന്ന്

ഖന്നാസ് — ٱلْخَنَّاسِ ٤

ആവർത്തിച്ച് ദുർബോധനം നടത്തി പിൻമാറുന്ന

അല്ലദീ യുവസ്വിസു — ٱلَّذِى يُوَسْوِسُ

ദുർബോധനം നടത്തുന്ന

| | |
|---|---|
| فِى صُدُورِ ٱلنَّاسِ ۝٥ | ഫീ സ്വുദൂരിന്നാസ് |
| | ജനങ്ങളുടെ മനസ്സുകളിൽ |
| مِنَ ٱلْجِنَّةِ | മിനൽ ജിന്നത്തി |
| | ജിന്നിൽ പെട്ട (ദുർബോധകനിൽനിന്ന്) |
| وَٱلنَّاسِ ۝٦ | വന്നാസ് |
| | മനുഷ്യരിലും പെട്ട |

## വചന വിശകലനം:

ഏകദൈവവിശ്വാസത്തിലടിയുറച്ചു ജീവിക്കുന്നവർ തങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങളെ എങ്ങനെ തരണം ചെയ്യണം? ഏകദൈവത്തിൻെറ വ്യവസ്ഥിതി അംഗീകരിച്ചു ജീവിക്കാൻ തയാറെടുക്കുന്നവർ തങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങളെ എങ്ങനെ സമീപിക്കണം? അവ പഠിപ്പിക്കുക കൂടിയാണ് ഈ അധ്യായം.

അത്തരം ഘട്ടങ്ങളിൽ രംഗം വിട്ടോടുകയല്ല വേണ്ടത്. അത്തരം അവസ്ഥകൾ അഭിമുഖീകരിച്ച പ്രവാചകന്നും അനുയായികൾക്കും അല്ലാഹു നല്കിയ മാർഗനിർദ്ദേശമാണീ അദ്ധ്യായത്തിൻെറ ഉള്ളടക്കം. അതിൽ പിൽക്കാലക്കാർക്കും ഗുണപാഠമുണ്ട്.

യജമാനനായ ഏകദൈവത്തോട് തൻെറ കാര്യങ്ങൾ നേരിട്ട് പ്രാർഥിക്കുന്നതിന് പകരം ആദ്യമേ ചില തിരുമുൽക്കാഴ്ചകൾ സമർപ്പിച്ച ശേഷം തൻെറ ആവശ്യം മുന്നോട്ട് വെക്കുക എന്ന രീതിയാണ് ഇവിടെയും പാലിച്ചിരിക്കുന്നത്. അതിനുപയോഗിച്ച നാമങ്ങളാണ് റബ്ബ് (ജനങ്ങളുടെ ഉടമസ്ഥൻ), മലിക് (ജനങ്ങളുടെ രാജാവ്), ഇലാഹ് (ജനങ്ങളുടെ ആരാധ്യൻ) എന്നിവ.

മനുഷ്യൻ തൻെറ എല്ലാ പ്രയാസങ്ങളിൽനിന്നും യജമാനനായ ഏകദൈവത്തോട് ശരണം തേടുന്നത് ഈ മൂന്നു സവിശേഷതകൾ എടുത്തോതിക്കൊണ്ടാണ്. ഇവ മൂന്നും തൻെറ യജമാനന് മാത്രമുള്ള ഗുണങ്ങളാണെന്ന് വിശ്വസിക്കുകയും തന്നിൽനിന്നും അവനുള്ള തിരുമുൽക്കാഴ്ചകളായി അവ സമർപ്പിക്കുകയുമാണ് ഏകദൈവവിശ്വാസി ചെയ്യേണ്ടത്.

റബ്ബ്, മലിക്, ഇലാഹ്- ഇവ മനുഷ്യജീവിതവുമായും അവൻെറ സംസ്കാരവുമായും പ്രപഞ്ചവുമായും അഗാധമായ ബന്ധമുള്ളവയാണ്. അവ ഇവിടെ എന്തിന് ഉപയോഗിച്ചു, അതിൻെറ അടിസ്ഥാനമെന്ത് എന്നിവ യഥാവിധം മനസ്സിലാക്കേണ്ടത് ഏകദൈവവുമായുള്ള നമ്മുടെ ബന്ധം എവ്വിധത്തിലുള്ളതാണെന്ന് മനസ്സിലാക്കാൻ അനിവാര്യമാണ്.

അല്ലാഹുവിൻെറ മൂന്ന് വിശേഷണങ്ങളാണ് മുകളിൽ എടുത്തുപറഞ്ഞത്. അവൻ എല്ലാറ്റിൻെറയും ഉടമസ്ഥനും രാജാവും ആരാധ്യനുമാകുന്നു. കാരണം, പ്രപഞ്ചമാസകലം അവൻെറ സൃഷ്ടികളും അടിമകളുമാണ്. അതിനാൽ അവയുടെ കുതന്ത്രങ്ങളിൽനിന്നും വഞ്ചനകളിൽനിന്നും ഉപദ്രവങ്ങളിൽനിന്നും അവൻെറ സവിശേഷതകൾ പറഞ്ഞു പ്രാർഥിക്കണമെന്ന് അവൻ കല്പിച്ചു. അത് പിശാചിൻെറ ഉപദ്രവമാകട്ടെ, മനുഷ്യരുടേതാകട്ടെ. അവയൊക്കെ അവൻെറ സൃഷ്ടികളായതിനാൽ അവനോടുതന്നെയാണ് അവയുടെ ഉപദ്രവങ്ങളിൽനിന്ന് രക്ഷ തേടേണ്ടത്.

---

قُلْ أَعُوذُ بِرَبِّ النَّاسِ ഖുൽ അഊദു ബിറബ്ബിന്നാസ്.

ജനങ്ങളുടെ റബ്ബിനോട് അഥവാ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു.

---

റബ്ബ് എന്ന പദത്തിന് രക്ഷിതാവ്, ഉടമസ്ഥൻ, യജമാനൻ തുടങ്ങി ഒട്ടേറെ അർഥങ്ങളുണ്ട്. ഖുർആൻ പറഞ്ഞു:

*"ജനങ്ങളേ, നിങ്ങളെയും നിങ്ങൾക്കു മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ റബ്ബിനെ നിങ്ങൾ ആരാധിക്കുവിൻ"* (അദ്ധ്യായം 2)

## റബ്ബിൻെറ വിവക്ഷ

ഖുർആൻ ഏകദൈവത്തിനുപയോഗിച്ച സാങ്കേതികശബ്ദമാണ് റബ്ബ്. ഉടമസ്ഥൻ, യജമാനൻ, രക്ഷാകർത്താവ്, പരിപാലകൻ, മേൽനോട്ടക്കാരൻ, ഭരണാധികാരി, വിധികർത്താവ്, നിയന്താവ് തുടങ്ങിയ അർഥങ്ങൾ അതിനുണ്ട്. ഈ അർഥങ്ങളിലൊക്കെ പ്രപഞ്ചങ്ങളുമായുള്ള ഏകദൈവത്തിൻെറ ബന്ധവും ശക്തമാണ്.

താഴ്ന്ന പടിയിൽനിന്ന് ഉയർന്ന പടിയിലേക്ക് ക്രമപ്രവൃദ്ധമായി ഉയർത്തിക്കൊണ്ടുവരുന്നവൻ എന്നാണ് അതിൻെറ വിശാല താല്പര്യം. സാങ്കേതികാർഥത്തിൽ, ഇല്ലായ്മയിൽനിന്ന് ഒന്നിനെ സൃഷ്ടിക്കുകയും അതിനെ സംവിധാനിക്കുകയും അതിൻെറ ജീവിതം നിർണയിക്കുകയും അതിന് ആവശ്യമായ കാര്യങ്ങൾ ഉദ്ബോധിപ്പിച്ചുകൊടുക്കുകയും ജീവിതധർമം നിർണയിച്ചേകുകയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നവൻ എന്നാണ്. ചുരുക്കത്തിൽ സൃഷ്ടിക്ക് കിട്ടേണ്ട പ്രത്യേക പരിചരണം നല്കി അതിനെ പോറ്റി പരിപാലിക്കുന്ന ശക്തിയുടെ സാങ്കേതിക ശബ്ദമാണ് റബ്ബ്.

പ്രപഞ്ചമാസകലം അവൻെറ പരമാധിപത്യത്തിലാകയാൽ അവൻെറ ശക്തിക്കും നിയന്ത്രണത്തിനും അപ്രാപ്യമായതൊന്നും അവിടെയില്ല. ഭൗതികപ്രപഞ്ചത്തിലെ സകലതും അവൻെറ സംരക്ഷണത്തെയും അനുഗ്രഹത്തെയും മേൽനോട്ടത്തെയും ആശ്രയിച്ചിരിക്കുന്നതുപോലെ അവയൊക്കെ അവൻെറ സൂക്ഷ്മമായ നിരീക്ഷണത്തിലും നിയന്ത്രണത്തിലുമാണ്. അതിനാൽ അവനെ മറികടന്ന് അവയക്കൊന്നും പ്രവർത്തിക്കുക സാധ്യമല്ല. അതിനാൽ വല്ലതിൻെറയും ഉപദ്രവത്തിൽനിന്നും അഭയം തേടുന്നു എന്നതിനാർഥം അവൻെറ പിടിത്തത്തിലും അധികാരപരിധിയിലും ഒതുങ്ങിക്കഴിയുന്ന, അവൻെറ മുമ്പിൽ ദുർബലനായ സൃഷ്ടിയുടെ ഉപദ്രവത്തിൽനിന്ന് സംരക്ഷണം തേടുന്നു എന്നാണ്. അവനെക്കാളും സംരക്ഷണവും അഭയവും നല്കാൻ പ്രാപ്തനായ ഒരു ശക്തിയും മനുഷ്യർക്കില്ല.

സൃഷ്ടിയായ മനുഷ്യൻ അവൻെറ രക്ഷാധികാരവും ഉടമസ്ഥതയും അംഗീകരിക്കുകയും അവനോട് വിധേയത്വമുള്ളവനായി ജീവിക്കുകയും ചെയ്യുകയെന്നതാണ് അവനെ റബ്ബായി അംഗീകരിക്കുന്നു എന്നതിൻെറ വിവക്ഷ. കാരണം, അവൻ എല്ലാറ്റിൻെറയും ഉടമയായിരിക്കെ മറ്റാരുടെയും അടിമത്തം മനുഷ്യർക്ക് വരിക്കാനില്ലതന്നെ. മറ്റാരെയും അവൻെറ തുല്യരാക്കാനില്ല. അവന് മാത്രമർപ്പിക്കേണ്ട ആരാധന മറ്റാർക്കും സമർപ്പിക്കാനില്ല.

ഇവിടെ ഓർക്കേണ്ട ഒരു കാര്യം ഇതാണ്: അല്ലാഹു തന്നോട് ചേർത്തു പറഞ്ഞിട്ടുള്ള സംഗതികളെല്ലാം തന്നെ അവൻെറ ആധിപത്യത്തിലുള്ളതും അവൻെറ ആജ്ഞ അനുസരിച്ചു മാത്രം നിലനിൽക്കുന്നതും പ്രവർത്തിക്കുന്നതുമാണ്. ഖുർആനിൽ അതിൻെറ സൂചനകൾ ധാരാളം കാണാം. അക്കൂട്ടത്തിൽ പെട്ടതാണ്, *"ആകാശഭൂമികളുടെ ഉടമസ്ഥൻ"* (അദ്ധ്യായം 2) തുടങ്ങിയ വചനങ്ങൾ. അതേ രീതിയിലാണ് ഇവിടെ ജനങ്ങളുടെ ഉടമസ്ഥൻ എന്നു പറഞ്ഞത്.

സൃഷ്ടി അനുസരിക്കേണ്ട ആജ്ഞകൾ ഉടമസ്ഥൻ എന്ന നിലക്ക് അവൻെറ ഇഛയുമായി ബന്ധപ്പെട്ടതാണ്. മറ്റൊരു വസ്തുതയിലേക്കാണ് അത് നമ്മെ കൊണ്ടെത്തിക്കുന്നത്. അതായത്, മനുഷ്യൻെറ ജീവിതം വ്യഥാവേലയല്ല, തികച്ചും യുക്തിപൂർവവും ഉത്തരവാദിത്തപൂർണവുമാണത്. തൻെറ ഉടമസ്ഥനായ ഏകദൈവത്തിൻെറ ആജ്ഞാനിർദ്ദേശങ്ങൾ പാലിച്ചു ജീവിക്കുകയാണത്. ഖുർആൻ പറഞ്ഞു:

*"നാം നിങ്ങളെ വെറുതെ സൃഷ്ടിച്ചുവെന്നും നിങ്ങൾ ഒരിക്കലും നമ്മിലേക്ക് മടക്കപ്പെടുകയേ ഇല്ലെന്നും നിങ്ങൾ ധരിച്ചുവെച്ചുവോ?"*

---

مَلِكِ النَّاسِ മലികിന്നാസ്

ജനങ്ങളുടെ രാജാവിനോട്.

---

അധിപൻ, ശാസകൻ എന്നൊക്കെയാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. മുൽക് എന്ന പദമാണ് മലിക്, മാലിക് എന്നീ നാമങ്ങളുടെ അടിസ്ഥാനം. അധിപതി എന്നർഥം.

പരിമിതമായ അർഥമല്ല അതിനുള്ളത്. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം പ്രപഞ്ചമാകമാനം അവൻെറ അധികാരത്തിലാണ് പ്രവർത്തിക്കുന്നത്. അവൻെറ സംരക്ഷണത്തിലാണത് നിലനിൽക്കുന്നത്. അഥവാ, അവയുടെ മേലുള്ള ആധിപത്യം അവൻെറ ഹസ്തങ്ങളിൽ ഭദ്രമായിരിക്കൽ അനിവാര്യമാണ്. ഇഛിക്കുന്നതെന്തും ചെയ്യാൻ ശക്തിയും അധികാരവുമുള്ള ശക്തിയുടെ പേരാണ് മാലിക്. പ്രപഞ്ചവസ്തുക്കളെ പരിചരിക്കുന്നതിലും നിയന്ത്രിക്കുന്നതിലും ഒരുവിധത്തിലുള്ള അശക്തതയും അവനെ ബാധിക്കുന്നില്ല. ഖുർആൻ പറഞ്ഞു:

*“ആകാശ-ഭൂമികളുടെ ആധിപത്യം അല്ലാഹുവിന് മാത്രമുള്ളതാണെന്നും അവനല്ലാതെ നിങ്ങൾക്ക് രക്ഷകനോ തുണയോ ഇല്ലെന്നും നിങ്ങൾ അറിഞ്ഞില്ലയോ?”*

*“ആകാശ-ഭൂമികളുടെ ആധിപത്യം അല്ലാഹുവിനുള്ളതാകുന്നു. അവൻെറ ശക്തി എല്ലാറ്റിനെയും ഉൾക്കൊള്ളുന്നതാകുന്നു.”* (അദ്ധ്യായം 3: 189)

*“ആകാശ-ഭൂമികളുടെയും അവയിലുള്ള സകല വസ്തുക്കളുടെയും ആധിപത്യം അല്ലാഹുവിനുള്ളതാകുന്നു. അവൻെറ ശക്തി എല്ലാറ്റിനെയും ഉൾക്കൊള്ളുന്നതാകുന്നു.”*

(അദ്ധ്യായം 5: 189)

മലിക് എന്ന പദം വ്യംഗ്യമായി സൂചിപ്പിക്കുന്ന ഒരു കാര്യമുണ്ട്. അതായത്, പ്രപഞ്ചത്തിൻെറ ആധിപത്യം അവൻെറ ഹസ്തത്തിലാണെന്നിരിക്കെ മനുഷ്യൻ അവൻെറ പരമാധികാരത്തിൽനിന്ന് ഒരുനിലക്കും ഒഴിവാകുന്നില്ല. മനുഷ്യനോട് ശാസിക്കാനും കല്പിക്കാനും നിയന്ത്രിക്കുവാനും അധികാരമുള്ളവനാണ് ഏകനായ പ്രപഞ്ചസ്രഷ്ടാവ്. ഒരു രാജ്യത്ത് നിവസിക്കുന്ന പ്രജകൾ ആ രാജ്യത്തെ രാജാവിൻെറ കല്പനകൾ പാലിക്കാൻ എപ്രകാരം നിർബന്ധിതരാണോ അതുപോലെ തൻെറ സ്രഷ്ടാവിൻെറ കല്പനകൾ പാലിക്കാൻ ഉത്തരവാദപ്പെട്ടവരാണ് മനുഷ്യർ. പക്ഷേ, സ്വാധികാരം ഉപയോഗിച്ച് അത് നിഷേധിക്കാൻ അവന് സ്വാതന്ത്ര്യമുണ്ടെന്നത് വേറെ കാര്യം.

മനുഷ്യനെ സംബന്ധിച്ചിടത്തോളം ശരിയായ നയം ഇതാണ്: ആരുടെ അടിമത്തം നാം അംഗീകരിക്കുന്നുവോ അവൻെറ പരമാധികാരവും നാം അംഗീകരിക്കുക. അവൻെറ ആജ്ഞകൾക്കനുസൃതമായി ജീവിതത്തിൻെറ ധാർമികമുറകൾ കെട്ടിപ്പടുക്കുക. അവൻെറ വിരോധത്തിന് വിധേയമായതെല്ലാം വർജിക്കുക. തൻെറ മേലുള്ള പരമാധികാരം അല്ലാഹുവിന് മാത്രമാണെന്ന് അംഗീകരിക്കുക. അതത്രെ ഖുർആൻ പ്രസ്താവിച്ചത്:
*“ആകാശഭൂമികളിലുള്ളതെല്ലാം അവൻേറതാകുന്നു.”* (അദ്ധ്യായം 2). അതായത്, അവൻ ആകാശഭൂമികളുടെയും അവയിലുള്ള വസ്തുക്കളുടെയും ഉടമസ്ഥനാണ്.

അവൻെറ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ രാജത്വത്തിലോ ഭരണത്തിലോ ആർക്കും ഒരു പങ്കുമില്ല. അവനു പുറമെ മനുഷ്യൻ വിഭാവനം ചെയ്യുന്ന ഏത് വസ്തുവും ഈ പ്രപഞ്ചഘടനയിൽ അവനെ അനുസരിക്കേണ്ട ഒരു ഘടകം മാത്രമാണ്. ഘടകങ്ങൾ ഒരിക്കലും ആധിപത്യമുള്ളവരോ ആരാധിക്കപ്പെടാനർഹരോ അല്ല.

അല്ലാഹു ഈ പ്രപഞ്ചത്തെ അവൻെറ അവകാശത്തിൻെറ അടിസ്ഥാനത്തിലാണ് സൃഷ്ടിച്ചിരിക്കുന്നത്. അതേ അവകാശത്തിൻെറ അടിസ്ഥാനത്തിലാണ് അവനതിനെ ഭരിക്കുന്നത്. അവൻെറ ഇഛക്കനുസൃതമായാണ് പ്രപഞ്ചത്തിൽ കാര്യങ്ങൾ നടക്കുന്നത്. അവനെ മറികടന്ന് ആർക്കും ഒരു അധികാരശക്തിയും ഇവിടെയില്ല. ചെറുതും വലുതുമായ ഓരോ വസ്തുവും അവൻെറ ആജ്ഞാനുവർത്തിയായാണ് ഈ പ്രപഞ്ചഘടനയിൽ നിലനിൽക്കുന്നത്. അഥവാ സൃഷ്ടികളും സ്രഷ്ടാവും തമ്മിലുള്ള അടിസ്ഥാന ബന്ധം ഈ സംഗതികളെ ആസ്പദിച്ചാണുള്ളത്: ഉടമസ്ഥൻ, രാജാവ്, ആരാധ്യൻ. അതിൻെറ വിവക്ഷ ഇതത്രെ: പ്രപഞ്ചത്തിൻെറ സ്രഷ്ടാവും ഉടമസ്ഥനും ആരാണോ അവനാണ് അതിൻെറ പരമാധികാരിയും അവകാശിയും. അതിനാൽ അവനെയാണ് പ്രപഞ്ചവസ്തുക്കൾ തങ്ങളുടെ ആരാധ്യനായി അംഗീകരിക്കേണ്ടത്.

---

## إِلَٰهِ النَّاسِ ഇലാഹിന്നാസ്

**ജനങ്ങളുടെ ആരാധ്യനോട്.**

---

നമ്മെ സൃഷ്ടിച്ചവനും പരിപാലിക്കുന്നവനുമൊക്കെയാണല്ലോ ഏകദൈവം. അപ്പോൾ ഇലാഹിൻെറ വിവക്ഷയിൽ പ്രഥമമായി വരുന്നത് പ്രപഞ്ചത്തെ സൃഷ്ടിക്കുകയും അതിനെ സംതുലതമാക്കി സംവിധാനിക്കുകയും പരിപാലിക്കുകയും പോറ്റി സംരക്ഷിക്കുകയും ചെയ്യുന്നത് ആരാണോ അവനെ തൻെറ ദൈവമായും ആരാധ്യനായും അംഗീകരിക്കുകയെന്നതാണ്.

അതോടൊപ്പം അവനോടു മാത്രമാണ് തനിക്ക് ഭക്തിയും സ്നേഹവും കാണിക്കാനുള്ളതെന്നും തൻെറ പ്രാർഥനക്കും അർച്ചനക്കും അവൻ മാത്രമാണ് അർഹനെന്നും അംഗീകരിക്കണം. അല്ലാഹുവിനെക്കൂടാതെ ഇവിടെ ഒന്നും സംഭവിക്കുന്നില്ലെന്നും അല്ലാഹുവിനെ മറികടന്ന് ആർക്കും ഒരുവിധ ഉപദ്രവവും ഉപകാരവും ചെയ്യാനാകില്ലെന്നും അതിനു മാത്രം പ്രപഞ്ചത്തിനു മേൽ അധികാരം അല്ലാഹുവിൻെറത് മാത്രമാണെന്നും മൂന്നാമതായി അംഗീകരിക്കണം. തൻെറ ജീവിതം അവൻെറ ആജ്ഞകൾക്ക് വിധേയമായിട്ടാണ് വേണ്ടതെന്നും

അവനത് വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും അവൻ തന്നെ വിചാരണ ചെയ്യാൻ ശക്തനാണെന്നും അംഗീകരിക്കണം.

പ്രപഞ്ചത്തിൽ സൃഷ്ടികളുടെ ആരാധനകൾക്ക് അർഹനായി അല്ലാഹു മാത്രമാണുള്ളത്. അവനോടൊപ്പം ദിവ്യത്വത്തിൽ പങ്കാളിത്തമുള്ള ഒട്ടേറെ അസ്തിത്വങ്ങളുണ്ടെന്നും അവയൊക്കെ ആരാധനകളർപ്പിക്കപ്പെടാൻ അർഹരാണെന്നും ഉള്ള ധാരണ തിരുത്തപ്പെടേണ്ടതാണ്. കാരണം, അത് കാര്യകാരണബന്ധത്തിൻെറ അടിസ്ഥാനത്തിൽ ബുദ്ധിപൂർവകമല്ല. ആരാണോ സ്രഷ്ടാവ് അവനാണ് ഉടമയും പരമാധികാരിയും. ഉടമയെയാണ് അടിമ ആരാധിക്കേണ്ടത്. ഖുർആൻ പറഞ്ഞു:

*“അല്ലാഹുവിനെ വെടിഞ്ഞ് ഇവർ പ്രാർഥിക്കുന്നവരുണ്ടല്ലോ, അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. എന്നല്ല, അവർ തന്നെ സൃഷ്ടിക്കപ്പെട്ടവരാകുന്നു.-- മൃതജഡങ്ങൾ. തങ്ങൾ പുനരുജ്ജീവിപ്പിക്കപ്പെടുന്നതെപ്പോഴാണെന്നുപോലും അവർക്ക് അറിയില്ല.”* (അധ്യായം16: 21)

*“അല്ലാഹു കല്പിച്ചു: രണ്ട് ദൈവങ്ങളെ സ്വീകരിക്കരുത്. ദൈവം ഒരേയൊരുവൻ മാത്രമാണ്. അതിനാൽ നിങ്ങൾ എന്നെ മാത്രം ഭയപ്പെടുക. വാനലോകത്തുള്ളതൊക്കെ അവന്നുള്ളതാകുന്നു. ഭൂമിയിലുള്ളതും. കലർപ്പില്ലാതെ അവൻെറ മാത്രം ദീൻ പ്രപഞ്ചത്തിലഖിലം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും നിങ്ങൾ അല്ലാഹുവിനെ വെടിഞ്ഞ് ഇതരന്മാരോട് ഭക്തി പുലർത്തുകയോ?”* (അധ്യായം 16: 51)

ഖുർആനിലെ ഏറ്റവും പ്രധാനവും അടിസ്ഥാനപരവുമായ ഒരു സാങ്കേതികശബ്ദമാണ് “അൽ ഇലാഹ്.” ആരാധ്യൻ എന്നർഥം. മറ്റു പല അർഥങ്ങളും അതിനുണ്ട്. പ്രഥമ അധ്യായത്തിൻെറ വിശദീകരണത്തിൽനിന്ന് അക്കാര്യം വ്യക്തമായിട്ടുണ്ടാകും. അൽ ഇലാഹ് എന്ന നാമത്തിൽനിന്ന് നിഷ്പദിച്ചതാണ് അല്ലാഹു എന്ന് സൂചിപ്പിച്ചു.

അൽഇലാഹുമായുമായുള്ള മനുഷ്യജീവിതത്തിൻെറ അടിസ്ഥാനമാണ് ഏകദൈവ വിശ്വാസം. വിശ്വാസത്തിലും അനുഷ്ഠാനത്തിലും പ്രാർഥനയിലും ആചാരങ്ങളിലും അവൻെറ മാത്രം ആജ്ഞാനുവർത്തിയാവുക. അവനെക്കൂടാതെ ആരാധനകൾക്കോ പ്രാർഥിക്കപ്പെടുവാനോ ഭക്തി കാണിക്കുവാനോ ശരണം തേടുവാനോ മറ്റാരെങ്കിലും ഉണ്ടെന്ന സങ്കല്പവും വിശ്വാസവും പാടെ വർജിക്കുക. തൻെറ ജീവിതത്തിന് ഏതെങ്കിലും വിധത്തിൽ നന്മയോ തിന്മയോ വരുത്താൻ അധികാരമുള്ളത് അല്ലാഹുവിന് മാത്രമാണെന്ന് വിശ്വസിക്കുക. അത്തരം ധാരണകൾ സൃഷ്ടികളിൽ ആർക്കും വകവെച്ചുകൊടുക്കാതിരിക്കുക. അല്ലാഹു പറഞ്ഞു:

*“അവരോട് പറയുക, അവർ പറയും പ്രകാരം അല്ലാഹുവിൻെറ കൂടെ ഇതര ഇലാഹുകളും -ആരാധ്യർ - ഉണ്ടായിരുന്നുവെങ്കിൽ അവർ തീർച്ചയായും സിംഹാസനാധിപൻെറ സ്ഥാനത്തെത്താൻ ശ്രമിക്കുമായിരുന്നു. ഈയാളുകൾ ജല്പിച്ചുകൊണ്ടിരിക്കുന്നതിൽനിന്നെല്ലാം പരിശുദ്ധനും അത്യുന്നതനുമാകുന്നു അവൻ.”*

അല്ലാഹുവിനെ ഇലാഹായി അംഗീകരിക്കുന്നതിൻെറ യാഥാർഥ്യം ഇതത്രെ: അല്ലാഹുവിനെ ഒരേയൊരു ആരാധ്യനും ജീവിതത്തിൻെറ അവലംബവുമായി സമ്മതിക്കുക. അവന് പരിപൂർണമായും കീഴ്വണങ്ങുകയും അവൻെറ ഇഛക്ക് മുമ്പിൽ സ്വേഛ കൈവെടിയുകയും ചെയ്യുക. അവൻെറ നിയമശാസനകൾ ശിരസാവഹിച്ചു ജീവിക്കുക. ആദർശത്തിലും ജീവിതത്തിലും അല്ലാഹുവിന് പൂർണ ആധിപത്യം ഉണ്ടായിരിക്കുക. അവനെതിരെ ഒന്നിനെയും അംഗീകരിക്കാനോ സങ്കല്പിക്കാനോ പാടില്ല. അവനിൽനിന്നുള്ളതാണ് ശരിയെന്നും അത് മാത്രമാണ് ജീവിതവിജയത്തിന് നിദാനമെന്നും അംഗീകരിക്കുക. പ്രസ്തുത മൂന്ന് ഗുണങ്ങളുടെയും താല്പര്യമിതാണ്: ജനങ്ങളുടെ നാഥൻ, അവരുടെ രാജാവ്, അവരുടെ ആരാധ്യൻ എന്നീ നിലകളിലെല്ലാം ഏകദൈവം ലോകത്തിനു മീതെ പരമാധിപത്യമുള്ളവനാണ്. തന്നോട് പ്രാർഥിക്കുന്നവരെ എല്ലാവിധ തിന്മകളിൽനിന്നും വിപത്തുകളിൽനിന്നും സംരക്ഷിക്കാൻ കഴിവുള്ളവനാണ്. അതിനു മാത്രം അവൻ സർവശക്തനാണ്. അവൻെറ ശക്തിക്ക് ഉപരിയായ ശക്തികളൊന്നും ഈ പ്രപഞ്ചത്തിലില്ല. ഈ വിശ്വാസം മനസ്സിൽ ശക്തമായി ഉണ്ടായിരിക്കണം.

---

مِن شَرِّ الْوَسْوَاسِ الْخَنَّاسِ മിൻ ശർറിൽ വസ്വാസിൽ ഖന്നാസ്.

ആവർത്തിച്ച് ദുർബോധനം നടത്തി പിൻമാറുന്ന പിശാചിൻെറ ദ്രോഹത്തിൽനിന്ന്.

---

ഒരാളുടെ മനസ്സിൽ പലവിധത്തിലുള്ള ദുശ്ചിന്തകളും ഉണ്ടാക്കുന്നതിനാണ് (വസ്വാസ്) എന്നു പറയുന്നത്. യഥാർഥ കർമത്തിൽനിന്നും ചിന്തയിൽനിന്നും ലക്ഷ്യത്തിൽനിന്നും തെറ്റി

ക്കുകയോ പിന്തിരിപ്പിക്കുകയോ ചെയ്യുകയാണ് അതിന്റെ ലക്ഷ്യം. അതിനു വേണ്ടി ഒരിക്കല്‍ നടത്തിയ ശ്രമം വേണ്ടവിധം ഫലിച്ചില്ലെങ്കില്‍ വീണ്ടും വീണ്ടും ശ്രമിക്കുകയാണ് വസ്‌വസയുടെ സ്വഭാവം. പിശാചിനെയാണ് വസ്‌വാസ് കൊണ്ട് ഉദ്ദേശിക്കുന്നത്.

പിശാച് രണ്ട് കാര്യങ്ങള്‍ക്കാണ് പ്രധാനമായും ദുര്‍ബോധനം ചെയ്യുന്നത്. ഒന്ന്, സന്മാര്‍ഗചാരിയായ ഒരാളെ സംശയത്തിലും അലസതയിലും അകപ്പെടുത്താന്‍. രണ്ട്, പലവിധത്തിലുള്ള പ്രതിബന്ധങ്ങളും അയാള്‍ക്കു മുമ്പില്‍ സൃഷ്ടിക്കാന്‍. ഈ രണ്ട് രീതിയും ഏകദൈവവുമായുള്ള ഒരാളുടെ ഇടപാടുകളിലാണ് അവന്‍ പ്രയോഗിക്കുന്നത്. അതത്രെ ഖുര്‍ആന്‍ പറഞ്ഞത്:

*"മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങള്‍ക്കിടയില്‍ വൈരവും വിദ്വേഷവും ഉണ്ടാക്കുന്നതിനും ദൈവസ്മരണയില്‍നിന്നും നമസ്കാരത്തില്‍നിന്നും നിങ്ങളെ തടയുന്നതിനുമാണ് പിശാച് ആഗ്രഹിക്കുന്നത്."* (അദ്ധ്യായം 5: 91)

*"ചെകുത്താന്‍ നിങ്ങളെ ദാരിദ്ര്യം ഭീഷണിപ്പെടുത്തുകയും നീചകൃത്യങ്ങള്‍ക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു."* (അദ്ധ്യായം 2: 268)

ദൈവിക കല്പനയില്‍നിന്നും മനുഷ്യനെ തെറ്റിക്കാനുള്ള അവന്റെ ശ്രമം ആദമിനെയും ഹവ്വയെയും സ്വര്‍ഗത്തില്‍നിന്ന് പുറത്താക്കിയ സംഭവത്തോളം പഴക്കമുള്ളതാണ്. ഏക ദൈവം തന്നെക്കാളും മനുഷ്യനെ ആദരിച്ചതിലുള്ള പകയായിരുന്നു ആ ശത്രുതക്ക് കാരണം. ഇരുവിഭാഗവും അതായത് മനുഷ്യനും പിശാചും പരസ്പരം ശത്രുക്കളാകുന്നത് ദൈവികമാര്‍ഗത്തിലാകുന്നു. പിശാച് സ്വമേധയാ ദൈവികാനുസരണത്തില്‍നിന്ന് പുറത്തുകടക്കുകയും മനുഷ്യനെ വഴിതെറ്റിക്കാന്‍ പരിശ്രമിക്കുന്നവനുമാണ്. അതവന്റെ ജീവിതനിയോഗമാണ്. മനുഷ്യന്‍ പിശാചിന്റെ ശത്രുവാകുന്നത്, ദൈവത്തോടുള്ള അനുസരണവും നന്മയോടുള്ള പ്രതിപത്തിയും മനുഷ്യന്റെ പ്രകൃതിയായി ഏകദൈവം നിശ്ചയിക്കുകയും അവയുടെ പാലനത്തിലേക്ക് അവന്‍ പ്രവേശിച്ചതിനാലുമാണ്. എന്നാല്‍ അക്കാര്യത്തില്‍ ശക്തമായ വിശ്വാസവും നിഷ്കളങ്കതയും ആത്മാര്‍ഥതയും ഉണ്ടെങ്കിലല്ലാതെ മനുഷ്യന് ഒരിക്കലും പിശാചിനെ സ്വാധീനിക്കാനാകില്ല,

അവന്റെ വിശ്വാസദൗര്‍ബല്യമാണ് പിശാചിന്റെ മേച്ചില്‍പുറം. അത്തരം ഘട്ടങ്ങളിലാണ് മനുഷ്യനെ പിശാച് പലതിനും പ്രേരിപ്പിക്കുന്നതും വഴിതെറ്റിക്കുന്നതും. ഖുര്‍ആന്‍ പറഞ്ഞു:

*"നിങ്ങള്‍ പിശാചിന്റെ പാദങ്ങളെ പിന്തുടരാതിരിക്കുവിന്‍. അവന്‍ നിങ്ങളുടെ തെളിഞ്ഞ ശത്രുവത്രെ."* (അദ്ധ്യായം 2: 208)

പിശാചിന്റെ വാഗ്ദാനമാണത്. അവന്‍ പറഞ്ഞു:

*"നിന്റെ ദാസന്മാരില്‍ നിന്ന് ഒരു നിശ്ചിത വിഹിതത്തെ ഞാന്‍ എടുക്കുകയതന്നെ ചെയ്യും. ഞാനവരെ വഴിപിഴപ്പിക്കും."* (അദ്ധ്യായം4: 119)

*"അവന്‍ പറഞ്ഞു: നീ എന്നെ വഴിതെറ്റിച്ച വിധം ഈ മനുഷ്യരെ ചതിക്കാന്‍ നിന്റെ സന്മാര്‍ഗത്തില്‍ ഞാനും തക്കം പാര്‍ത്തിരിക്കും. മുന്നില്‍നിന്നും പിന്നില്‍നിന്നും ഇടത്തുനിന്നും വലത്തുനിന്നും നാനാഭാഗത്തുനിന്നും ഞാനവരെ വലയം ചെയ്യും. അവരിലധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുകയില്ല."* (അദ്ധ്യായം 7: 17)

മിക്കപ്പോഴും മനുഷ്യമനസ്സില്‍ വാഗ്ദാനങ്ങളും വ്യമോഹങ്ങളും അലസതയും ഉണ്ടാക്കിക്കൊണ്ടാണ് പിശാചിന്റെ പ്രവര്‍ത്തനങ്ങള്‍ നീങ്ങുന്നത്. ആരെ ഏത് രീതിയില്‍ കൈകാര്യം ചെയ്യണമെന്ന് അവന് നന്നായി അറിയാവുന്നതാണ്. അതിനാവശ്യമായ ഏത് രീതി പ്രയോഗിക്കാനും സ്രഷ്ടാവ് അവന് അനുവാദവും നല്കിയിട്ടുണ്ട്. അതിനെതിരെ ഒരു നടപടിയും നിശ്ചിത അവധി വരെ ദൈവത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവുകയുമില്ല. ഓരോ ഘട്ടത്തിലും അവന്‍ തന്റെ പദ്ധതികളുമായി അവന്‍ മനുഷ്യനെ പിന്തുടരുന്നുണ്ട്. ഒരിക്കല്‍ അത് ഫലവത്താകാതെ വരുമ്പോള്‍ അവന്‍ വീണ്ടും വരും. വിജയം കാണുവോളം അത് തുടരും. അതിനാണ് (ഖന്നാസ്) എന്നു പറഞ്ഞത്. ദൈവികനാമം കേള്‍ക്കുന്ന നിമിഷം തന്റെ ശ്രമം ഉപേക്ഷിച്ച് അവര്‍ രംഗം വിടുന്നു. അല്പസമയത്തിന് ശേഷം തന്റെ പദ്ധതിയുമായി അവന്‍ വീണ്ടും ആളുകളെ സമീപിക്കുന്നു.

ചില കാര്യങ്ങള്‍ ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. വിശ്വാസി അഭയം തേടുന്നത് ദുര്‍ബോധനം ചെയ്യുന്നവനില്‍നിന്നാണ്. അതായത് മൂന്ന് കാര്യങ്ങളാണവിടെയുള്ളത്.

ഒന്ന്: അവന്‍ തന്റെ ശ്രമങ്ങളുമായി തന്നെ സമീപിക്കുന്നതില്‍നിന്ന്.
രണ്ട്: തന്റെ മനസ്സില്‍ അവന്‍ ഉണര്‍ത്തിയ ചിന്തയില്‍നിന്നും അതിനനുസരിച്ച കര്‍മങ്ങളില്‍നിന്നും.
മൂന്ന്: അത്തരം സാഹചര്യങ്ങള്‍ അഭിമുഖീകരിക്കേണ്ടിവരുന്നതില്‍നിന്ന്.

ഈ പറഞ്ഞ കാര്യങ്ങളുടെ തുടക്കവും ഒടുക്കവും മനുഷ്യനെ എവിടെ വരെ എത്തിക്കുമെന്ന് നിര്‍ണയിക്കാനാകില്ല. ഏത് ദുഷ്ടകര്‍മത്തിനും ഉദ്യുക്തനാകുവോളം അത് മനുഷ്യനെ പരിവര്‍ത്തിപ്പിച്ചെടുക്കും. പക്ഷേ, അതിന്‍െറ തുടക്കം ചെറുതായിരിക്കും. ചെറിയ ഒരു തോന്നല്‍. അല്ലെങ്കില്‍ കൂട്ടുകാരന്‍െറ സ്നേഹപൂര്‍വമായ ഒരു നിര്‍ദ്ദേശം. അത് ശരിയാണല്ലോ എന്ന തോന്നല്‍ ഉടനെ മനസ്സില്‍ സ്ഥലം പിടിക്കുന്നു. താമസിയാതെ ഈ സംശയും ദൃഢബോധ്യമായി പരിണമിക്കുകയായി. തുടര്‍ന്ന് താന്‍ അതുവരെ ശരിയെന്ന് വിശ്വസിക്കുകയും സ്നേഹിക്കുകയും ആചരിക്കുകയും ചെയ്തിരുന്ന പ്രസ്തുത ജീവിത സരണിയില്‍നിന്നുള്ള ഒഴിഞ്ഞുമാറ്റമായും അത് വളരുന്നു. പിന്നീട് ക്രമേണ അതേ മാര്‍ഗത്തിനെതിരെയുള്ള പ്രവര്‍ത്തനമായും അത് വളര്‍ന്നേക്കാം.

ചുരുക്കത്തില്‍ പിശാചിന്‍െറ ആവര്‍ത്തനസ്വഭാവമുള്ള ദുര്‍മന്ത്രവും പ്രവര്‍ത്തനവും നാം ഇങ്ങനെ മനസ്സിലാക്കുക:

ഒന്ന്, മനസ്സില്‍ തോന്നല്‍.
രണ്ട്, ഊഹങ്ങളുടെ അടിസ്ഥാനത്തില്‍ സംശയത്തെ ശരിവെക്കല്‍.
മൂന്ന്, അതിന്‍െറ ചുവട് പിടിച്ച് അലസതയും പിന്മാറ്റവും പ്രകടമാകല്‍.
നാല്, തീര്‍ത്തും നിഷ്ക്രിയനാവുക. അത് ന്യായീകരിക്കാനുള്ള ശ്രമം നടത്തുക.
അഞ്ച്, സംശയവും അലസതയും കൂട്ടുകാരില്‍ വളര്‍ത്തിയെടുക്കുക.
ആറ്, നന്മക്കെതിരായ ചിന്തയും വിദ്വേഷവും മനസ്സില്‍ ഉണ്ടാകല്‍.
ഏഴ്, നന്മയുടെ എതിരാളികളുമായി സൗഹൃദത്തിലാകല്‍.
എട്ട്, അവരുമായി പൂര്‍ണ സഹകരണം
ഒമ്പത്, നന്മക്കെതിരെയുള്ള തുറന്ന പ്രവര്‍ത്തനം.

ഈ അവസ്ഥകളെ അവയുടെ തുടക്കത്തില്‍ തന്നെ കണ്ടറിയുക എന്നതാണ് പ്രധാനം. പക്ഷേ, തികഞ്ഞ സൂക്ഷ്മതയുള്ളവര്‍ക്കു മാത്രമേ അതിന് സാധിക്കുകയുള്ളൂ. പ്രധാനമായും മൂന്ന് സംഗതികളാണ് ഈ പ്രയാസങ്ങള്‍ ഉണ്ടാക്കുന്നത്. സൂക്ഷ്മവിശകലനത്തില്‍, പരിണതിയുടെയും അനന്തരഫലങ്ങളുടെയും വെളിച്ചത്തില്‍ ഇവ മൂന്നും ഒന്നുതന്നെയാണെന്ന് കാണാനാകും. പിശാച്, മനുഷ്യര്‍, സ്വന്തം ഇച്ഛകള്‍ച്ച എന്നിവയാണവ. ഇവ മൂന്നും വിശ്വാസിയെ അപകടപ്പെടുത്തുന്ന സംഗതികളായതിനാല്‍ അവയില്‍നിന്ന് അഭയം തേടല്‍ വിശ്വാസികളുടെ ബാധ്യതയാണ്.

---

الَّذِي يُوَسْوِسُ فِي صُدُورِ النَّاسِ അല്ലദീ യുവസ്വിസു ഫീ സ്വുദൂരിന്നാസ്.

ജനങ്ങളുടെ മനസ്സുകളില്‍ ദുര്‍ബോധനം ചെയ്യുന്നവന്‍െറ (ദ്രോഹത്തില്‍നിന്ന്).

---

പിശാചിന്‍െറ പ്രവര്‍ത്തനമേഖല മുനഷ്യമനസ്സുകളും ചിന്തയുമാണ്. ശരീരത്തില്‍ അവന്‍ നേരിട്ട് ഇടപെടുന്നതിനെക്കാള്‍ ഈ രണ്ട് സംഗതികളെയാണ് അവന്‍ ആദ്യം ആക്രമിക്കുന്നത്. അവയില്‍നിന്നുള്ള പ്രേരണകളാണല്ലോ ശരീരത്തെ നിയന്ത്രിക്കുന്നത്. അതിനാലാണ് ശക്തമായ വിശ്വാസമുള്ള ആളുകളില്‍ അവന് സ്വാധീനം ഇല്ലാത്തതു പോലെ മൃതദേഹങ്ങളെ അവന് ആവശ്യമില്ലാത്തത്.

അവന്‍െറ സ്വാധീനത്തെക്കുറിച്ച് പ്രവാചകവചനത്തില്‍ ഇങ്ങനെ കാണാം: പിശാച് മനുഷ്യന്‍െറ രക്തധമനികളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നുണ്ട്." മനുഷ്യനെ വഴിവിഴപ്പിക്കാന്‍ ഏത് രൂപം ധരിക്കാനും പിശാചിന് സാധിക്കും.

*സ്വുദൂരിന്നാസ്* എന്ന വചനത്തെയാണ് മനുഷ്യമനസ്സുകള്‍ എന്ന് തര്‍ജമ ചെയ്തിരിക്കുന്നത്. എന്നാല്‍ ഏത് വിധത്തിലുള്ള മനസ്സുകളെയാണ് അവന്‍ പിടികൂടുന്നത്?

മനുഷ്യമനസ്സുകളുടെ അവസ്ഥകളെ പരിശോധിച്ചാല്‍ അക്കാര്യം പെട്ടെന്ന് മനസ്സിലാക്കാം. ഖുര്‍ആന്‍ സൂചിപ്പിച്ച മനസ്സുകള്‍ മൂന്ന് വിധമാണ്.

ഒന്ന്, തിന്മകളെ പ്രേരിപ്പിക്കുന്ന മനസ്സ്.
രണ്ട്, തെറ്റുകളെ പൊറുപ്പിക്കാത്ത മനസ്സ്.
മൂന്ന്, തെറ്റുകളെ വെറുക്കുകയും നന്മയെ സ്നേഹിക്കുകയും ചെയ്യുന്ന മനസ്സ്.

ഒന്നാമത്തെ മനസ്സിനെ പിശാച് പിടികൂടാനുള്ള സാധ്യത വളരെ കൂടുതലാണ്. കാരണം, അതിന്‍െറ പ്രകൃതി തന്നെ തെറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതാണ്. എന്നാല്‍ രണ്ടാമത് പറഞ്ഞ മനസ്സ് രണ്ടിനും സാധ്യതയുള്ളതാണ്. അതില്‍ നന്മയോട് എത്രമാത്രം പ്രതിപത്തിയുണ്ടോ അതിനനുസരിച്ചാണ് പിശാചിന്‍െറ കുതന്ത്രങ്ങളെ അതിജയിക്കാന്‍ അതിന് സാധിക്കുക. അതത്രെ മനഃസാക്ഷി. സ്വന്തം മനഃസാക്ഷിയനുസരിച്ചാണ് ഓരോരുത്തരും ഓരോ സാഹചര്യത്തോടും പ്രതികരിക്കുന്നത്. പിശാചില്‍നിന്നും അവന്‍െറ കുതന്ത്രങ്ങളില്‍

നിന്നും രക്ഷപ്പെടുന്ന മനസ്സത്രെ മൂന്നാമത്തേത്. അതിന്റെ സ്വതവേയുള്ള രീതി തന്നെ ദൈവികസ്മരണയാൽ ശാന്തിയടഞ്ഞതാണ്. അവനിലുള്ള വിശ്വാസത്താൽ സമ്പന്നവും പ്രകാശപൂർണവുമാണ്. അത്തരം മനസ്സുകൾ പിശാചിന് അപ്രാപ്യമാണ്.

ദൈവവിശ്വാസവും പിശാചുമായുള്ള മനുഷ്യമനസ്സിന്റെ ബന്ധവും പരിഗണിച്ച് മനസ്സുകള നാലായി തരം തിരിക്കാം.

1. പ്രകാശിക്കുന്ന മനസ്സ്. ഇതിൽ ഏകദൈവവിശ്വാസം അചഞ്ചലമാവുകയും സംതൃപ്തിയും ആത്മശാന്തിയും നിറഞ്ഞുനിലക്കുകയും ചെയ്യും.
2. പൂട്ടപ്പെട്ട മനസ്സ്. ദൈവനിഷേധിയുടെ മനസ്സാണത്. ഒരുതരത്തിലുള്ള ആത്മസംതൃപ്തിയും ശാന്തിയും ഇത്തരം മനസ്സുകൾ അനുഭവിക്കുകയില്ല. സത്യം അംഗീകരിക്കാനും അത് ചെവികൊള്ളാനും അവർക്ക് സാധിക്കുകയില്ല.
3. വെറുക്കപ്പെട്ട മനസ്സ്. കാപട്യം നിറഞ്ഞ മനസ്സാണത്. എവിടെയാണോ തനിക്ക് ലാഭം അവിടെ ഒട്ടും ആത്മാർഥതയില്ലാതെ ആളാവുകയെന്നതാണ് ഇത്തരം ആളുകളുടെ രീതി.
4. ഇടകലർന്ന മനസ്സ്. ഒന്നാമതും മൂന്നാമതും പ്രതിപാദിച്ച മനസ്സുകളുടെ ഗുണങ്ങൾ ഒരാളിൽ മേളിക്കുകയാണതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരുപോലെ തെറ്റും ശരിയും ഇവരിൽ സംഭവിക്കാനുള്ള അവസരം തുല്യമാണ്.

ഇതിൽ ആദ്യത്തെതല്ലാത്ത എല്ലാ മനസ്സുകളെയും പിശാച് ബാധിക്കുകതന്നെ ചെയ്യും. എന്നാൽ എത്ര സൂക്ഷ്മതയുള്ള മനസ്സിന്റെ ഉടമയായാലും ശരി, ഏതവസ്ഥയിലും പൈശാചിക പ്രേരണയുണ്ടാകുമ്പോൾ അതിൽനിന്ന് അല്ലാഹുവിൽ ശരണം തേടേണ്ടത് അനിവാര്യമാണ്. കാരണം, പിശാചിൽനിന്നുള്ള ചെറിയ അലസത ദൂരവ്യാപകമായ ദുരന്തങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമാണ്. ദൈവികമാർഗത്തിൽ ഒരടി ചലിക്കാതിരിക്കാൻ പോലും അത് കാരണമായേക്കും. അതിനാൽ ഖുർആൻ ഇങ്ങനെ പ്രാർഥിക്കാൻ കല്പിച്ചു:

*"നാഥാ, പൈശാചിക പ്രേരണയിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു."*

(അധ്യായം 32: 97)

ഇതു സംബന്ധമായി ചില കാര്യങ്ങൾ ഒരാളുടെ മനസ്സിൽ ഉണ്ടാകേണ്ടത് ആവശ്യമാണ്.

ഒന്ന്, പൈശാചികദുർബോധനങ്ങളെ തിരിച്ചറിയാനുള്ള കഴിവ്.
രണ്ട്, വിശ്വാസത്തിനെതിരെയുള്ള ഏത് എതിർവികാരങ്ങളെയും ചെറുത്തുതോല്പിക്കാൻ വിശ്വാസപരമായി കരുത്താർജിക്കൽ.
മൂന്ന്, വിശ്വാസത്തിന് ശക്തി വർധിപ്പിക്കാനുള്ള കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തൽ.
നാല്, വിശ്വാസത്തിന് പ്രതിബന്ധങ്ങളുണ്ടാക്കുന്ന സാഹചര്യങ്ങളിൽനിന്ന് അകന്നുമാറുക.
അഞ്ച്, അതിനൊക്കെ ശക്തി ലഭിക്കാൻ ദൈവത്തോട് പ്രാർഥിക്കൽ.

---

مِنَ الْجِنَّةِ وَ النَّاسِ മിനൽ ജിന്നതി വന്നാസ്.

ജിന്നിലും മനുഷ്യരിലും പെട്ട (ദുർബോധകനിൽനിന്ന്).

---

അതായത്, വഴിപിഴപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ മനസ്സുകളിൽ ദുർബോധനം ചെയ്യലും അനന്തര നടപടികളും ജിന്നുകളിലെ പിശാചുക്കളിൽ മാത്രം പരിമിതമല്ല. മറിച്ച്, മനുഷ്യരിലുമുണ്ട് അത്തരം വേലകളിൽ ഏർപ്പെട്ടവർ. അവരുടെയൊക്കെ ഉപദ്രവത്തിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു എന്നത്രെ ഇവിടെ ഉദ്ദേശിക്കുന്നത്. മനുഷ്യനെ വഴിപിഴപ്പിക്കാൻ ഇരുവിഭാഗവും ഒരുപോലെ പരിശ്രമിക്കുന്നുണ്ട്.

മുകളിൽ സൂചിപ്പിച്ചതു പോലെ പൈശാചികപ്രലോഭനങ്ങൾക്ക് വിധേയരായി സ്വയം വഴിതെറ്റുന്നവർ മറ്റുള്ളവരെയും വഴി തെറ്റിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നവരായിരിക്കും. വാസ്തവത്തിൽ പൈശാചികകൃത്യം തന്നെയാണവർ ചെയ്യുന്നത്. സംശയങ്ങൾ ഉണ്ടാക്കിയും പ്രതിബന്ധങ്ങൾ സൃഷ്ടിച്ചും അവർ അവരുടെ പ്രവർത്തനം തുടരും. ചെറുതും വലുതുമായ ബഹുദൈവവിശ്വാസത്തിലേക്ക് വിശ്വാസിയെ വലിച്ചിഴക്കാൻ അത്തരം പിശാചുക്കൾക്കും അവരുടെ കൂട്ടാളികളായ മനുഷ്യർക്കും സാധിക്കും. അവരോ, മനുഷ്യൻ ദൈവത്തിന് വേണ്ടി നന്മ ചെയ്യുന്നത് ഇഷ്ടപ്പെടാത്തവരുമാണ്. അതിനാലാണ് ദുഷ്കൃതങ്ങൾ നല്ലതായി ആളുകളുടെ മനസ്സുകളിൽ പിശാച് തോന്നിപ്പിക്കുന്നത്.

ചുരുക്കത്തിൽ ഈ അധ്യായം ഏകദൈവത്തിന്റെ റബ്ബ്, മലിക്, ഇലാഹ് എന്നീ കഴിവുകളാൽ പിശാചിന്റെയും അവന്റെ കൂട്ടാളികളുടെയും ഉപദ്രവത്തിൽനിന്നും ശരണം തേടണമെന്ന് വിശ്വാസിയെ ബോധ്യപ്പെടുത്തുന്നു. കാരണം, അവന്റെ കഴിവുകൾക്കുപരിയായി യാതൊന്നും ഈ പ്രപഞ്ചത്തിലില്ല. അതിനാൽ തനിക്കെതിരെ ആർ എന്ത് പ്രവർത്തിച്ചാലും അത് വിജയിക്കാൻ പോകുന്നില്ല എന്ന ബോധ്യം എപ്പോഴും നമ്മുടെ മനസ്സിൽ ഉണ്ടാകണം.

ജിന്ന് എന്നതുകൊണ്ട് ജിന്നുകളിലുള്ള ശൈത്വാന്മാരെയാണ് ഉദ്ദേശിക്കുന്നത്. ദൈവികമാർഗത്തിൽ പ്രതിബന്ധം സൃഷ്ടിക്കുകയും ആളുകളെ വഴിപിഴപ്പിക്കുകയും ചെയ്യുന്ന പൈശാചകി സ്വഭാവമുള്ള ജിന്നുകൾക്കും മനുഷ്യർക്കും ഈ നാമം ഉപയോഗിക്കാറുണ്ട്. ദൈവധിക്കാരികളായ ഒരു വിഭാഗം ജിന്നുകളിലും ഉണ്ട്, മനുഷ്യരിലുള്ളതുപോലെ. അക്കാര്യം ഖുർആൻ സൂചിപ്പിക്കുകയുണ്ടായി.

*"നമ്മിൽ കുറേ സച്ചരിതരുണ്ട്. കുറേ അതിനും താഴെയാണ്. നാം വിവിധ മാർഗങ്ങളിൽ ചിതറിപ്പോയിരിക്കുന്നു"* (അദ്ധ്യായം 72: 11)

വിശ്വാസരംഗത്തോ കർമജീവിതത്തിലോ വല്ല തകരാറും സംഭവിച്ചതായി ബോധ്യപ്പെട്ടാൽ ഉടനെ ദൈവത്തെ സ്മരിക്കുകയും പ്രസ്തുത പൈശാചികവൃത്തിയിൽനിന്നും ചിന്തയിൽ നിന്നും അല്ലാഹുവിൽ ശരണം തേടേണ്ടത് അനിവാര്യമാണ്. ഉൾക്കാഴ്ചയും മനക്കരുത്തുമുള്ള ആളുകൾക്ക് മാത്രം സാധിക്കുന്ന കാര്യമാണിത്.